**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6277** **10-07-2024 - ൽ മറുപടിയ്ക്ക്**

**തോട്ടുമുഖം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ. റോഷി അഗസ്റ്റിൻ (ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | പുതുക്കാട് മണ്ഡലത്തിലെ തോട്ടുമുഖം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ ഒന്നാംഘട്ടം നിർമ്മാണം പൂർത്തിയാക്കി പ്രവർത്തന സജ്ജമാക്കിയിട്ടും പദ്ധതികൊണ്ട് ലക്ഷ്യം കണ്ട മുഴുവൻ പ്രദേശങ്ങളിലും വെള്ളം ലഭിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പദ്ധതിയിൽ വിഭാവനം ചെയ്ത തരത്തിൽ അളഗപ്പനഗർ, പുതുക്കാട്, നെൻമണിക്കര, വരന്തരപ്പിള്ളി എന്നീ പഞ്ചായത്തുകളിലെ കൃഷി സ്ഥലങ്ങളിൽക്കൂടി വെള്ളം എത്തിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; | (ബി) | പദ്ധതിയുടെ ആദ്യഘട്ട പ്രവൃത്തികൾ എല്ലാം പൂർത്തീകരിച്ചിട്ടുള്ളതും രണ്ടാംഘട്ട പ്രവൃത്തി ഉടൻ പൂർത്തീകരിക്കുന്നതുമാണ്. അളഗപ്പനഗർ, പുതുക്കാട്, നെന്മണിക്കര പഞ്ചായത്തുകളിൽ പീച്ചി ഇറിഗേഷൻ സ്കീമിന്റെ ആമ്പല്ലൂർ ബ്രാഞ്ച് കനാലിലൂടെ ജലവിതരണം നടത്തുന്ന വേളയിൽ തോട്ടുമുഖം പദ്ധതിയിൽ നിന്നും ജലവിതരണം നടത്തി കൃഷി സ്ഥലങ്ങളിൽ വെള്ളം എത്തിക്കാവുന്നതാണ് . |
| (സി) | പ്രസ്തുത പദ്ധതിയുടെ സുഗമമായ പ്രവർത്തനം ഉറപ്പുവരുത്തുന്ന തരത്തിൽ ആവശ്യമായ തുടർപ്രവൃത്തികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമോ; വിശദമാക്കാമോ? | (സി) | നിലവിലുള്ള പദ്ധതി പൂർത്തീകരിച്ച് ജല ലഭ്യത ഉറപ്പു വരുത്തിയതിനു ശേഷം അടുത്ത ഘട്ട പ്രവൃത്തി ആവിഷ്കരിക്കാവുന്നതാണ് . |

സെക്ഷൻ ഓഫീസർ